# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 6044

07.07.2014-ലെ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ.പി.ബി.അബ്ദുൾ റസാക്<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.എം.ഉമ്മർ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്നും ഇതിനായി ചെലവഴിക്കപ്പെടുന്ന തുകയ്ക്ക് ആനുപാതികമായ വികസനം നടക്കുന്നുണ്ടോ എന്നും പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | എ) | ഗ്രാമസഭകൾ, വാർഡുസഭകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതികൾ, ജില്ലാ ആസൂത്രണ സമിതികൾ, വകുപ്പ് ഉദ്യോഗസ്ഥരുടെ അവലോകന യോഗങ്ങൾ, ലോക്കൽ ഫണ്ട് ഓഡിറ്റ്, പെർഫോമൻസ് ആഡിറ്റ്, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ്, സംസ്ഥാനതല ഏകോപന സമിതി, തുടങ്ങിയവയൊക്കെ ഇതിനായുള്ള സംവിധാനങ്ങളാണ്. |
| ബി) പദ്ധതി പ്രവർത്തനം സാമ്പത്തിക വർഷാരംഭം മുതൽ ക്രമാനുഗതമായി നടക്കാതെ സാമ്പത്തിക വർഷാവസാനം മാത്രം കൂടുതൽ ചെലവഴിക്കപ്പെടുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | ബി) | വിശകലനം ചെയ്യാറുണ്ട്. പദ്ധതി പ്രവർത്തനം സാമ്പത്തിക വർഷാവസാനം മാത്രം കൂടുതൽ നടക്കാതിരിക്കുന്നതിനായി പ്രവർത്തനങ്ങൾക്ക് കൂടുതൽ സമയം ലഭിക്കുന്നതിനുവേണ്ടി പദ്ധതി അംഗീകാര നടപടി വേഗത്തിലാക്കിയിട്ടുണ്ട്. 2013-14 വർഷത്തിൽ 8-9 മാസം വരെ നിർവ്വഹണത്തിനായി ലഭിച്ചിരുന്നു. വരുംവർഷങ്ങളിൽ സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പദ്ധതി നിർവ്വഹണ നടപടി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മരാമത്ത് പണികളുടെ പൂർത്തീകരണ ത്തിനെടുക്കുന്ന സമയം, പദ്ധതി രൂപീകരണ സമയത്ത് മുൻകൂട്ടി കാണാൻ കഴിയാതെ വരുന്ന ഭരണ നിർവ്വഹണ പ്രശ്നങ്ങൾ ഇവയൊക്കെ കാരണങ്ങളാണ്. |
| സി) 2013 സെപ്റ്റംബർ 30 വരെയുള്ള ഒന്നാം അർദ്ധ വർഷത്തിൽ എന്തു തുക ചെലവഴിച്ചു എന്നതിന്റെ വിശദവിവരം നൽകാമോ ? | സി) | ആസൂത്രണ സാമ്പത്തികകാര്യ സെൻട്രൽ പ്ലാൻ മോണിറ്ററിങ് യൂണിറ്റിന്റെ താൽക്കാലിക കണക്കനുസരിച്ച് 30.09.2013 വരെയുള്ള ചെലവ് 660.42 കോടി രൂപയായിരുന്നു. |

സെക്ഷൻ ഓഫീസർ